## ദേശവിദേശങ്ങളിലുള്ളവർക്ക്

# പിതൃകർമ്മാനുഷ്ഠാനമാർഗവും ഹിന്ദുധർമ്മ പഠനമാർഗരേഖയും


മഴുവഞ്ചേരി മഹാദേവക്ഷേത്രം

നാഷണൽ ഹെറിറ്റേജ് സെന്റർ

(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ പഠന-പ്രചരണ-ഗവേഷണ കേന്ദ്രം)

മഴുവഞ്ചേരി, എരനെല്ലൂർ, കേച്ചേരിക്കു സമീപം, തൃശ്ശൂർ 680501

www.iish.org, nhcmazhuvanchery@gmail.com

iishservice1@gmail.com

04885-240236, 09446361149, 9446628022


Scanned with CamScanner

**പിതൃകർമ്മാനുഷ്ഠാനം :** പിതൃകർമ്മം ചെയ്യുന്നതിനും ചെയ്യിക്കുന്നതിനും മുമ്പ് ഇതു വായിക്കുക. പതിനായിരത്തിലേറെ വർഷത്തെ പാരമ്പര്യമുള്ള ഈ ഭാരതീയ പൈതൃകം ഇന്നും സചേതനമായി നിലനിൽക്കുന്നത് നമ്മുടെ സാംസ്കാരിക തന്തുക്കൾ തകരാതെ തളരാതെ ഇന്നും നിലനിൽക്കുന്നതുകൊണ്ടാണ്. ആ സംസ്കാരം കുടുംബബന്ധത്തിൽ വേരൂന്നിനിൽക്കുന്നു. ജനനത്തിനു മുമ്പും മരണത്തിനു ശേഷവും നടത്തുന്ന ചടങ്ങുകളെല്ലാം, ജനനമരണങ്ങൾക്കിടക്കുള്ള കാലയളവിലെ ആചാരങ്ങളെപ്പോലെത്തന്നെ പ്രാധാന്യമുള്ളതാണ്. വരാൻ പോകുന്ന തലമുറയോടുള്ള ബന്ധവും പിരിഞ്ഞുപോകുന്ന തലമുറയോടുള്ള ബന്ധവും ജീവിച്ചിരിക്കുന്ന തലമുറയറിയുന്നത് ഈ ചടങ്ങുകളിലൂടെയാണ്. ഇത് ഇന്നത്തെ ശാസ്ത്രശാഖയിൽ applied sociology / applied anthropology / demonstrative anthropology എന്നെല്ലാമായി വിവരിക്കാം. ഇതിന്റെയെല്ലാം പരമമായ ലക്ഷ്യമെന്നത് കുടുംബബന്ധം ദൃഢമാക്കുക എന്നതുതന്നെയാണ്.

വൈദീകഗ്രന്ഥങ്ങളിൽ, വേദാംഗങ്ങളുടെ ഭാഗമായ കൽപശാസ്ത്രത്തിലെ ഗൃഹ്യസൂത്രങ്ങളിലും പിതൃമേധസൂത്രങ്ങളിലും വിവരിക്കുന്ന മന്ത്രങ്ങളാണ് പിതൃകർമ്മത്തിനുപയോഗിക്കുന്നത്. പിതൃകർമ്മത്തിന്റെ പരമമായ ലക്ഷ്യം നമുക്കു ജന്മം നൽകി വളർത്തി വലുതാക്കിയ മാതാപിതാക്കളോടും അവരുടെ പിൻതലമുറക്കാരോടും, നമ്മുടെ ജീവിതവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട എല്ലാവരോടുമുള്ള കടപ്പാട് ഈ കർമ്മത്തിലൂടെ നാം സ്വയം സ്മരിക്കുന്നു, ഓർമ്മിപ്പിക്കുന്നു എന്നതാണ്. മഹാത്മാഗാന്ധി ജനിച്ച്, ജീവിച്ച്, ഈ ലോകത്തിൽ നിന്നു യാത്രപറഞ്ഞിട്ടും, ഇന്നും നാം ഗാന്ധിജയന്തി ആഘോഷിച്ചാചരിക്കുന്നു. അതിന്നാധാരമായ വിവരണമാണ്, പിതൃകർമ്മത്തിന്റെ സന്ദേശവും. മരിച്ചവർ പുനർജനിച്ചാലും ഇല്ലെങ്കിലും അവരോടുള്ള കടപ്പാട് വർഷത്തിലൊരുദിവസം ഒരു മണിക്കൂർ സമയം നാം സ്മരിക്കുന്നു. അതുകൊണ്ട് ഇതൊരു പിതൃസ്മരണയജ്ഞമാണ്. കർക്കിടകത്തിൽ .ചന്ദ്രൻ സ്വക്ഷേത്രത്തിൽ വരുന്നു. സൂര്യനും കർക്കിടകരാശിയിൽ വരുന്നു. പിതൃകാരകരായ സൂര്യചന്ദ്രന്മാർ ഒരു രാശിയിൽ ഒരുമിച്ച് വരുന്നതാണ് കർക്കിടകത്തിലെ കറുത്തവാവ്. പിതൃകർമ്മത്തിൽ ദേവന്മാർക്ക് അരിയും പിതൃക്കൾക്ക് എള്ളും, അതുപോലെ ദേവന്മാർക്ക് തുളസിയും പിതൃക്കൾക്ക് ബലിപ്പൂവും (ചെറൂളയും) കറുകയും പൂജയ്ക്കായി ഉപയോഗിക്കുന്നു. ബാക്കിയെല്ലാം ദർഭ, ചന്ദനം, വെള്ളം, പൂവ്, ....... എല്ലാം ദേവപിതൃക്കൾക്ക് ഒരുപോലെയാണ്.

Scanned with CamScanner

**പിതൃകർമ്മം:-** എല്ലാ ക്ഷേത്രത്തിലും, വിളക്കുവെച്ചുള്ള പൂജകളിലും നാം ചെയ്യാറുള്ളത് ദേവചൈതന്യത്തെ ധ്യാനിച്ച്, ആവാഹിച്ച്, വിളക്കിലോ ബിംബത്തിലോ പ്രതിഷ്ഠിച്ച്, വിസ്തരിച്ച് പൂജിച്ച് തിരിച്ച് ഉദ്വസനത്തിലൂടെ അവരെ യാത്രയാക്കുന്നു. ഇതേ കർമ്മമാണ് പിതൃക്കൾക്കുമായി ചെയ്യുന്നത്. പിതൃക്കളെ ഈ പ്രപഞ്ചത്തിൽ നിന്നുതന്നെ ആവാഹിച്ച്, ദർഭയുടെ മധ്യത്തിൽ പ്രതിഷ്ഠിച്ച്, എല്ലാവിധത്തിലും പൂജിച്ച്, പിണ്ഡവും സമർപ്പിച്ച്, പിന്നെ അവരെ തിരിച്ചയയ്ക്കുന്നതാണ് പിതൃകർമ്മം. ഇതിന്റെ കൂട്ടത്തിൽ പ്രകൃതിയിലെ വിവിധ ദേവതാസങ്കൽപത്തിനും, വൈദീകഋഷിമാർക്കും, ആചാരാനുഷ്ഠാനങ്ങളെഴുതിയ ആചാര്യന്മാർക്കും തൃപ്തി വരുത്തുന്നതിനായി അവരെ സ്മരിച്ച് തർപ്പണവും കൊടുക്കണം. ജന്മം നൽകി വളർത്തി വലുതാക്കിയ മാതാപിതാക്കൾക്കും, നമ്മളെ സഹായിച്ചവർക്കും നമ്മുടെ ഭക്ഷണമായിത്തീർന്ന സസ്യലതാദികൾക്കുമുള്ള നന്ദിപ്രകടനവുമാണിത്. നമ്മെ പഠിപ്പിച്ച ഗുരുക്കന്മാർക്കും നമ്മുടെ കുടുംബത്തിൽ ജനിച്ച് അനാഥരായി മരിച്ചവർക്കുമുള്ള പ്രാർത്ഥനയുമാണ് !

ഈ ഭൂമിയിൽ നമ്മൾ ശാശ്വതരല്ലെന്നും, വന്ന ദിവസമുണ്ടെങ്കിൽ തിരിച്ച് പോകുന്ന ദിവസവുമുണ്ടെന്നും, ജനനമരണങ്ങൾ ജീവിതത്തിന്റെ ഭാഗമാണെന്നും, ജീവിക്കുന്നീടത്തോളംകാലം ധന്യമായി ജീവിക്കുകയാണ് വേണ്ടതെന്നും നമ്മെ ഓർമ്മിപ്പിക്കുന്ന ദിവസമാണ് പിതൃകർമ്മദിവസം. ആ ഓർമ്മിക്കലും ഓർമ്മിപ്പിക്കലുമാണ് പിതൃകർമ്മം. നാം ഇടുന്ന പിണ്ഡം പിതൃക്കൾ ഭക്ഷിച്ച് വിശപ്പടക്കാനുള്ളതല്ല. ക്ഷേത്രത്തിൽ വഴിപാടു നൽകുന്നത് ഈശ്വരനു വിശപ്പടക്കാൻ മനുഷ്യൻ ഈശ്വരനു കൊടുക്കുന്നതല്ലാത്തതുപോലെയാണിതും. രണ്ടും സമർപ്പണമാണ്.

നമ്മുടെ മാതാപിതാക്കൾക്ക് കൊടുത്തതുപോലെയും അവരോടു പെരുമാറിയതുപോലെയും ആയിരിക്കും നമ്മുടെ മക്കൾ നമുക്കും തരുന്നതും നമ്മോടു പെരുമാറുന്നതും ! ഇതെന്നും ഓർമ്മയിലിരിക്കട്ടെ.

**ഇനി നമുക്ക് പിതൃകർമ്മത്തിലേക്ക് കടക്കാം.**

പിതൃകർമ്മത്തിനു മുമ്പുള്ള ദിവസങ്ങളിൽ ഈ പുസ്തകം പല ആവർത്തി വായിച്ച് ക്രിയകൾ പഠിക്കുക. (മനപ്പാഠമാക്കേണ്ടതില്ല)

അക്ഷരശുദ്ധിയോടെ മന്ത്രങ്ങൾ ചൊല്ലിക്കൊടുക്കുവാനും, അനുഷ്ഠാനങ്ങൾ വിവരിച്ചുകൊടുക്കുവാനും കുറേ വ്യക്തികളെ തയ്യാറാക്കുക. (ബ്രാഹ്മണർ വേണമെന്നില്ല)

കരയോഗങ്ങൾ, ക്ഷേത്രങ്ങൾ, ശുദ്ധമായ മൈതാനം, പുഴക്കടവ്,

Scanned with CamScanner


കടൽത്തീരം, ആൽമരച്ചുവട്, ആശ്രമങ്ങൾ, സ്വന്തം ഗൃഹം, കിണറ്റിന്റെ ചുറ്റുപാട്, ശുദ്ധീകരിച്ച പൊതു മൈതാനങ്ങൾ, ടെറസ് ഇവിടങ്ങളിൽ ശ്രദ്ധയോടെ പിതൃകർമ്മം അനുഷ്ഠിക്കാവുന്നതാണ്. (ദേശ-വിദേശ ങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് നടത്തണം)

**പിതൃകർമ്മത്തിനാവശ്യമായ വസ്തുക്കൾ :** ഒരു ചെറിയ ഗ്ലാസുപോലുള്ള പഞ്ചപാത്രം, സ്പൂൺ, ശുദ്ധജലം, എള്ള്, ഒരു പിടി പച്ചരി (ഉണക്കലരി), കറുക, തുളസി, ദർഭപുല്ല് (കുശപ്പുല്ല്) ചന്ദനം (ഒരേ പ്ലേറ്റിൽ എല്ലാം വേറെ വയ്ക്കുക) വിളക്ക്, എണ്ണ, തിരി, വെറ്റില + അടക്ക + നാണയം. എണ്ണയൊഴിച്ച് വിളക്കിൽ തെക്ക് - വടക്കായി രണ്ടു തിരി കത്തിച്ചുവെയ്ക്കുക.

**പിതൃകർമ്മം ആരംഭിക്കുന്നത് :** കുളിച്ച്, ഈറനുടുത്ത്, ശുദ്ധിയും വൃത്തിയുമുള്ള സ്ഥലത്ത് മുട്ടു മടക്കി തെക്കോട്ടഭിമുഖമായി നിലത്തിരിക്കുക. മണ്ണിൽ/നിലത്ത് വൃത്തിയാക്കി,

**ഗംഗേചയമുനേചൈവ ഗോദാവരി ശതദ്രുതി**
**നർമ്മദേ സിന്ധുകാവേരി ജലേ ſ സ്മിൻ സന്നിധിം കുരു**

(ഈ മന്ത്രം ചൊല്ലി കുറച്ചു വെള്ളം കൈയിലെടുത്ത് മുന്നിലുള്ള നിലത്ത് ഈ മന്ത്രം ചൊല്ലി തളിച്ച് ശുദ്ധിവരുത്തുക)




(1) വൃത്തിയാക്കിയ ഒരു സ്ക്വയർ അടിസ്ഥലം (2) വിളക്ക് (3) ദർഭപുല്ല് (4) ശുദ്ധജലപാത്രം (5) ചന്ദനം അരച്ചത് (6) എള്ള്, കറുക, അരി ......... എന്നിവയുള്ള പ്ലേറ്റ് (7) ഇരിപ്പിടം

Scanned with CamScanner

അയോധ്യാമഥുരാമായാകാശീകാഞ്ചീ അവന്തികാ
പുരീദ്വാരാവതീചൈവ സപ്തൈതേ മോക്ഷദായകാ

ഈ മന്ത്രം ചൊല്ലി ദർഭപുല്ലിന്റെ കഷ്ണങ്ങൾ ശുദ്ധിവരുത്തിയ സ്ഥലത്ത് തെക്കുവടക്കായി വെയ്ക്കുക. തൊഴുകൈയോടെ പ്രാർത്ഥിക്കുക:

ദേവതാഭ്യപിതൃഭ്യശ്ച മഹായോഗീഭ്യഏവ ച
നമസ്വധായൈ സ്വാഹായൈ നിത്യമേവ നമോ നമഃ

ആദി പിതൃക്കളെ ആവാഹിക്കുക:- കുറച്ച് എള്ള്, കറുക, ചന്ദനം കൈയിലെടുത്ത് ഈ മന്ത്രം ചൊല്ലി ദർഭ പുല്ലിന്റെ നടുക്കു വെയ്ക്കുക.

വസു - രുദ്ര - ആദിത്യസ്വരൂപാൻ മമ വംശദ്വയ പിതൃൻ ധ്യായാമി, ആവാഹയാമി, അസ്മിൻ, കൂർച്ച) മധ്യേ സ്ഥാപയാമി പൂജയാമി. മമ വംശ ദ്വയ ഉഭയ കുല പിതൃഭ്യോ നമഃ

ഇടത്തേ കൈയിൽ സ്പൂണിൽ ജലമെടുത്ത് വലത്തെ കൈയിലേക്കൊഴിച്ച്, ചൂണ്ടാണി വിരലിൽക്കൂടി മൂന്നു പ്രാവശ്യം ഈ എള്ളിലേക്ക് (ഓം നാരായണായ എന്നു ചൊല്ലിക്കൊണ്ട്) ജലത്തുള്ളികൾ വീഴ്ത്തുക.

| | |
|---|---|
| മൂന്നുപ്രാവശ്യം പൂവിടുക | - ഓം നമോ നാരായണായ |
| രണ്ടുപ്രാവശ്യം ജലം | - ഓം നമോ നാരായണായ |
| മൂന്നുപ്രാവശ്യം തുളസിയിലകൊണ്ട് ചന്ദനം | - ഓം നമോ നാരായണായ |
| മൂന്നുപ്രാവശ്യം അരിയും എള്ളും | - ഓം നമോ നാരായണായ |

(നമ്മുടെ പിതൃക്കളെ എള്ളിലൂടെ ആവാഹിച്ച് ദർഭയുടെ മദ്ധ്യത്തിൽ പ്രതിഷ്ഠിക്കുന്നു എന്ന് സങ്കൽപം)

മൂലപിതൃക്കളുടെ. ആവാഹനം : എള്ള്, കറുക, ചന്ദനം ഇവ രണ്ടു കൈയിലുമായി എടുത്ത് കൈയുയർത്തി, മനസ്സിൽ ധ്യാനിച്ച് പ്രാർത്ഥിച്ച് ദർഭപുല്ലിന്റെ ചുവടറ്റത്ത് വെയ്ക്കുക. അതിനുള്ള മന്ത്രം
ആദിപിതൃഭ്യോനമഃ, ധ്യായാമി ആവാഹയാമി അസ്മിൻ കൂർച്ചാമൂലേ സ്ഥാപയാമി പൂജയാമി
ഈ മന്ത്രം ചൊല്ലി തൊഴുകൈയോടെ പ്രാർത്ഥിക്കുക.

ദേവതഭ്യ പിതൃഭ്യശ്ച മഹായോഗീഭ്യ ഏവ ച
നമസ്വധായൈ സ്വാഹായൈ നിത്യമേവ നമോ നമഃ
തിലോദകം ച പിണ്ഡം ച പിതൃണാം പരിതുഷ്ടയേ
സമർപ്പയാമി ഭക്ത്യാ പ്രാർത്ഥയാമി പ്രസീദമേ

Scanned with CamScanner

(അർത്ഥം : ദേവന്മാർക്കും, പിതൃക്കൾക്കും, മഹായോഗികൾക്കും, സ്വധാ സ്വാഹാ ദേവതമാർക്കും എന്റെ നിത്യ പ്രണാമം. എള്ളിലൂടെയുള്ള തിലോദകവും, പിണ്ഡവും, പിതൃക്കളുടെ സംതൃപ്തിക്കായി ഭക്തിപുരസ്സരം, പ്രാർത്ഥിച്ചുകൊണ്ട് ഞാൻ സമർപ്പിക്കുന്നു. അതു സ്വീകരിച്ചനുഗ്രഹിച്ചാലും)

**പിണ്ഡസമർപ്പണം** : വേവിച്ച ചോറ് ഒരു ഭാഗമെടുത്ത് പിണ്ഡമായി ഉരുട്ടി വിരിച്ചിരിക്കുന്ന ദർഭപുല്ലിന്റെ നടുക്കായി വെയ്ക്കുക. അതോടൊപ്പം ഈ മന്ത്രം അർത്ഥമറിഞ്ഞുകൊണ്ടു ചൊല്ലുക.

**ആ ബ്രഹ്മണോ യേ പിതൃവംശജാതാ മാതു സ്തദാ വംശ ഭവാ മദീയാ വംശ ദ്വയേ *f*സ്മിൻ മമ ദാസഭൂതാ : ഭൃത്യാ സ്തഥൈവ ആശ്രിത സേവകാശ്ച**

**മിത്രാണി സഖ്യ പശവശ്ച വൃക്ഷാ : ദൃഷ്ടാശ്ച അദൃഷ്ടാശ്ച കൃതോപകാര**

**ജന്മാന്തരേ യേ മമ സംഗതാശ്ച തേഭ്യ സ്വയം പിണ്ഡബലിം ദദാമി.**

(അർത്ഥം : ഈ പ്രപഞ്ചത്തിൽ എന്റെ പിതാവിന്റെ വംശത്തിൽ ജനിച്ചവർക്കും, മാതാവിന്റെ വംശത്തിൽ ജനിച്ചവർക്കും, എന്റെ ബന്ധുക്കളുടെ വംശത്തിൽ ജനിച്ചവർക്കും, എന്റെ ദാസന്മാരായി ജീവിച്ച് മരിച്ചവർക്കും, ഭൃത്യന്മാർക്കും, ആശ്രിതന്മാർക്കും, സേവകന്മാർക്കും, മിത്രങ്ങൾക്കും, സുഹൃത്തുക്കൾക്കും എന്റെ ഭക്ഷണമായിത്തീർന്ന ജന്തുജാലങ്ങൾക്കും, സസ്യലതാദികൾക്കും, പ്രത്യക്ഷമായും പരോക്ഷമായും എന്നെ സഹായിച്ചവർക്കും, ജന്മജന്മാന്തരങ്ങളിൽ എന്റെ കൂടെയുണ്ടായിരുന്നവർക്കുമായി ഞാനിതാ ഈ പിണ്ഡം സമർപ്പിക്കുന്നു)

ബാക്കി ചോറ് പിണ്ഡത്തിനു ചുറ്റും പൂവിതറുന്നതുപോലെ ഈ മന്ത്രം ചൊല്ലി ബലിഹരണം ചെയ്യാനായിട്ടിടുക. അർത്ഥം മനസ്സിലാക്കി പിണ്ഡത്തിനു ചുറ്റും ചോറിടണം !

**മാതൃവംശേ മൃതായേശ്ച പിതൃവംശേ തഥൈവച**
**ഗുരു ശ്വശുര ബന്ധൂനാം യേ ചാന്യേബാന്ധവാ മൃതാ:**
**യേ മേ കുലേ ലുപ്ത പിണ്ഡാ: പുത്രദാര വിവർജിതാ**
**ക്രിയാലോഭഹതാശ്ചൈവ ജാത്യന്താപങ്കവസ്തഥാ**
**വിരൂപാ ആമഗർഭാശ്ച ജ്ഞാതാജ്ഞാതാ കുലേ മമ.**
**ഭൂമൗ ദത്തേന ബലിനാ തൃപ്തായാന്തു പരാംഗതിം**
**അതീതകുലകോടീനാം സപ്തദ്വീപ നിവാസീനാം**
**പ്രാണീനാം ഉദകം ദത്തം അക്ഷയ്യമുപതിഷ്ടതു**

(അർത്ഥം: അമ്മയുടെ വംശത്തിൽ ജനിച്ചവർക്കും പിതാവിന്റെ വംശ

Scanned with CamScanner

ത്തിൽ ജനിച്ചവർക്കും പിന്നീട് ഈ ലോകത്ത് നിന്ന് യാത്ര പറഞ്ഞു പോയവർക്കും, എന്റെ ഗുരുക്കന്മാരുടെ വംശത്തിലും, ഭാര്യാ / ഭർത്താവിന്റെ വംശത്തിലും ജീവിച്ച് മരിച്ചവർക്കും, എന്റെ കുലത്തിൽ ജനിച്ച് ഗതിയില്ലാതെ മരിച്ചവർക്കും, ഭാര്യയും മക്കളുമില്ലാതെ മരിച്ചവർക്കും, കർമ്മം ചെയ്യാനാരുമില്ലാതെ മരിച്ചവർക്കും, ജന്മനാൽ ഗതികിട്ടാത്ത ജീവിതം നയിച്ചു മരിച്ചവർക്കും, വികലാംഗരായി മരിച്ചവർക്കും, ഗർഭം അലസി മരിച്ചവർക്കും, വിരൂപന്മാരായി ജീവിച്ചു മരിച്ചവർക്കും, എനിക്കറിയാവുന്നവരും അറിയാത്തവരുമായി എന്റെ ബന്ധുക്കൾ മരിച്ചവർക്കും, ഈ ഭൂമിയിൽ വിതറുന്ന ചോറ് സ്വീകരിച്ചുകൊണ്ട് തൃപ്തിയടയുവാൻ സാധിക്കട്ടെ. ഈ ഭൂമിയിലെ ഏഴു ഭൂഖണ്ഡങ്ങളിൽ നിലനിൽക്കുന്നതായ ഓരോ ജീവജാലത്തിനും ഇതിലൂടെ ശാശ്വത നന്മ വരട്ടെ)

ഇടത്തേ കൈയിൽ സ്പൂണിൽ ജലമെടുത്ത് വലത്തെ കൈയിലേക്കൊഴിച്ച്, ചൂണ്ടു വിരലിൽക്കൂടി മൂന്നു പ്രാവശ്യം ജലത്തുള്ളികൾ വീഴ്ത്തുക.

| | |
|---|---|
| മൂന്നുപ്രാവശ്യം പൂവിടുക | – ഓം നമോ നാരായണായ |
| മൂന്നുപ്രാവശ്യം ജലം | – ഓം നമോ നാരായണായ |
| മൂന്നുപ്രാവശ്യം തുളസിയിലകൊണ്ട് ചന്ദനം | – ഓം നമോ നാരായണായ |
| മൂന്നുപ്രാവശ്യം അരിയും എള്ളും | – ഓം നമോ നാരായണായ |

(നമ്മുടെ പിതൃക്കളെ എള്ളിലൂടെ ആവാഹിച്ച് ദർഭയുടെ മദ്ധ്യത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു എന്ന് സങ്കൽപം)

അവസാനത്തെ ഈ ഒരു തർപ്പണം കൂടി കൊടുക്കുക.

**അവസാനീയ അർഘ്യമിദം**

ഇനി പറയുന്ന തർപ്പണം, ഇടത്തേകയ്യിലെ സ്പൂണിൽ നിന്ന് ഓരോ തുള്ളി ജലം വലത്തേ കയ്യിലൂടെ ഒഴുക്കി തർപ്പണമാക്കി കൊടുക്കാവുന്നതാണ്. (ഇതൊന്നും മനപ്പാഠമാക്കേണ്ടതില്ല. പുസ്തകം നോക്കി വായിച്ചുതരുന്നതനുസരിച്ച് കേട്ട് അതാവർത്തിച്ച് തർപ്പണം ചെയ്യുക.) പ്രകൃതി ശക്തികൾക്കും ദേവതകൾക്കുമുള്ള തർപ്പണമാണ് ആദ്യം. ഓരോ പ്രാവശ്യം ഒരു തുള്ളി ജലം വീതം നൽകികൊണ്ട് ചെയ്യണം.

1. ഓം അഗ്നി തൃപ്യതു
2. ഓം വിഷ്ണുഃ തൃപ്യതു
3. ഓം പ്രജാപതിഃ തൃപ്യതു
4. ഓം ബ്രഹ്മാ തൃപ്യതു
5. ഓം വേദാഃ തൃപ്യന്തു
6. ഓം ദേവാ ഃ തൃപ്യന്തു
7. ഓം ഋഷയഃ തൃപ്യന്തു
8. ഓം ഓംകാര ഃ തൃപ്യതു

Scanned with CamScanner

9. ഓം വഷട്കാര തൃപ്യതു
10. ഓം വ്യഹൃതയ : തൃപന്തു
11. ഓം സാവിത്രി തൃപ്യതു
12. ഓം യജ്ഞാ : തൃപ്യന്തു
13. ഓം ദ്യാവാപൃഥിവീ തൃപ്യതു
14. ഓം അന്തരീക്ഷം തൃപ്യതു
15. ഓം അഹോരാത്രാണി തൃപ്യന്തു
16. ഓം സാംഖ്യാ : തൃപ്യന്തു
17. ഓം സിദ്ധാഃ തൃപ്യന്തു
18. ഓം സമുദ്ര : തൃപ്യന്തു
19. ഓം നദ്യഃ തൃപ്യന്തു
20. ഓം ഗിരയ : തൃപ്യന്തു
21. ഓം ക്ഷേത്ര – ഓഷധി – വനസ്പതി – ഗന്ധർവാപ്സരസഃ തൃപ്യന്തു
22. ഓം നാഗാഃ തൃപ്യന്തു
23. ഓംവയാംസി തൃപ്യന്തു
24. ഓം ഗാവഃ തൃപ്യന്തു
25. ഓം വിപ്രാഃ തൃപ്യന്തു
26. ഓം സാദ്ധ്യാഃ തൃപ്യന്തു
27. ഓം രക്ഷാംസി തൃപ്യന്തു
28. ഓം യക്ഷാഃ തൃപ്യന്തു
29. ഓം ഭൂതാനി തൃപ്യന്തു

സനാതനധർമ്മത്തിന്റെ ആധാരഗ്രന്ഥങ്ങൾ രചിച്ച അതി പ്രഗത്ഭരായ ഋഷിവര്യന്മാർക്കുള്ളതാണ് അടുത്ത ജലതർപ്പണം. ഈ ഋഷിവര്യന്മാർക്കുള്ള തർപ്പണം രണ്ടു പ്രാവശ്യം വീതം നൽകണം.

ഓം ശതർച്ചിനഃ തൃപ്യതു
ഓം ഗൃത്സമദഃ തൃപ്യതു
ഓം വിശ്വാമിത്രഃ തൃപ്യതു
ഓം വാമദേവഃ തൃപ്യതു
ഓം അത്രിഃ തൃപ്യതു
ഓം ഭരദ്വാജഃ തൃപ്യതു
ഓം വസിഷ്ഠഃ തൃപ്യതു
ഓം പ്രാഗാഥാഃ തൃപ്യന്തു
ഓം പാവമാന്യഃ തൃപ്യന്തു
ഓം ക്ഷുദ്രസൂക്താഃ തൃപ്യന്തു
ഓം മഹാസൂക്താഃ തൃപ്യന്തു
ഓം സനകഃ തൃപ്യതു
ഓം സനന്ദനഃ തൃപ്യതു
ഓം സനത് കുമാരഃ തൃപ്യതു
ഓം കപിലഃ തൃപ്യതു

ഓം സുമന്തു - ജൈമിനി - വൈശംപായന - പൈല - സൂത്രകാര-ഭാഷ്യകാര - ഭാരത - മഹാഭാരത - ധർമ്മാചാര്യാഃ തൃപ്യന്തു ഓം ജാനന്തി - ബാഹവീ - ഗാർഗ്യ - ഗൗതമ - ശാകല്യ - ബ്രാഭ്രവ്യ - മാണ്ഡവ്യ - മാണ്ഡുകേയ - തൃപ്യന്തു

ഭാരതീയ ദർശനങ്ങളും ആചാരങ്ങളും ഇതിഹാസങ്ങളുമെഴുതിയ ആചാര്യന്മാർക്കുള്ളതാണിനിയുള്ള തർപ്പണം.

ഓം കഹോളം തർപ്പയാമി
ഓം കൗഷീതകം തർപ്പയാമി
ഓം മഹാകൗഷീതകം തർപ്പയാമി
ഓം പൈംഗ്യം തർപ്പയാമി
ഓം മഹാപൈംഗ്യം തർപ്പയാമി
ഓം സുയജ്ഞം തർപ്പയാമി
ഓം സാംഖ്യായനം തർപ്പയാമി
ഓം ഐതരേയം തർപ്പയാമി
ഓം മഹൈതരേയം തർപ്പയാമി
ഓം ശാകലം തർപ്പയാമി
ഓം ബാഷ്കളം തർപ്പയാമി
ഓം ഔദവാഹീം തർപ്പയാമി
ഓം മഹൗദവാഹീം തർപ്പയാമി
ഓം ശൗനകം തർപ്പയാമി

Scanned with CamScanner

ഓം ആശ്വലായനം തർപ്പയാമി
യേ ച അന്യേ ആചാര്യാഃ തേ സർവേ തൃപ്യന്തു തൃപ്യന്തു തൃപ്യന്തു
ഇനി നമ്മുടെ പിതൃക്കൾക്കുള്ള തർപ്പണമാണ്

പിതൃരം തർപ്പയാമി പിതാമഹം തർപ്പയാമി
പ്രപിതാ മഹം തർപ്പയാമി പിതാമഹീം തർപ്പയാമി
പ്രപിതാ മഹീം തർപ്പായമി മാതരം തർപ്പയാമി
മാതാമഹം തർപ്പയാമി മാതൃപിതാമഹം തർപ്പയാമി
മാതാമഹീം തർപ്പയാമി മാതൃപിതാമഹീം തർപ്പയാമി
ജ്ഞാതാജ്ഞാത ഉഭയകുല പിതൃൻ തർപ്പയാമി

ഇനി പിണ്ഡത്തെ ഉദ്വസിക്കലാണ്. അതിലൂടെ പിതൃക്കളെ തിരിച്ചയക്കുന്നു എന്ന് സങ്കൽപ്പിക്കുന്നു. പിണ്ഡം അൽപമൊന്ന് മുന്നിലേക്കു നീക്കി, അതിന്റെ നേരെ ചുവട്ടിലുള്ള എള്ള് അൽപമെടുത്ത് മുകളിലേക്ക് ഇടുക. അതിനുള്ള മന്ത്രം
സ്വർഗ്ഗം ഗച്ഛസ്വ (അർത്ഥം : സ്വർഗത്തിലേയ്ക്ക് പ്രയാണം ചെയ്താലും)

ഈ ദിവസം സായംസന്ധ്യയ്ക്ക് വീടിന്റെ തെക്കേമുറിയിൽ / തെക്കേവരാന്തയിൽ ഒരു വിളക്ക് രണ്ടു തിരികളിട്ട്, തെക്കോട്ടും വടക്കോട്ടും തിരി കത്തിക്കുക. വിളക്കിനടുത്ത് അര ഗ്ലാസ് പാലും മറ്റൊരു ഗ്ലാസിൽ വെള്ളവും വച്ച് തെക്കോട്ടു നോക്കി പ്രാർത്ഥിക്കുക.
ശ്മശാന അനല ദഗ്ധോfസി പരിത്യക്തോfസി ബാന്ധവൈഃ
ഇദം നീരം ഇദം ക്ഷീരം ആഹാരായ പ്രകൽപ്യതാം
അർത്ഥം: ശ്മശാനാഗ്നിയിൽ ദഹിച്ച്, ബന്ധുക്കളെല്ലാം ഉപേക്ഷിച്ച് പോയവരേ നിങ്ങൾക്കായി ഈ വെള്ളവും പാലും അർപ്പിക്കുന്നു) ഒരു മണിക്കൂർ കഴിഞ്ഞ് അവ രണ്ടും തുളസിത്തറയിലൊഴിച്ചു കളയുക.
(തൊഴുതുകൊണ്ടു ചൊല്ലണം)
കൈക്കൂലി, മദ്യം, അവിഹിത, കർമ്മങ്ങൾ, അസത്യം, അധർമ്മം, അനീതി, അന്യായം എന്നീ മാർഗത്തിലൂടെ സഞ്ചരിച്ചിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ മുമ്പിൽ അർപ്പിച്ചതെന്തോ അതു മനസ്സിൽ വച്ചു കൊണ്ട് സത്യം, ധർമ്മം, നീതി, ന്യായം എന്നീ പന്ഥാവിലേയ്ക്ക് മാറുവാൻ ഈ ദിവസം മുതൽ സാധിക്കണം. ഇരുട്ടിൽനിന്ന് വെളിച്ചത്തിലേയ്ക്ക്, തിന്മയിൽനിന്ന് നന്മയിലേയ്ക്ക്, ഞങ്ങളുടെ മക്കൾ മാറുന്നു എന്ന് നമ്മുടെ മരിച്ചുപോയ മാതാപിതാക്കൾ സന്തോഷിക്കുന്ന ദിവസമാകട്ടെ ഈ പിതൃകർമ്മദിനം.
എല്ലാവർഷവും മഴുവഞ്ചേരി മഹാദേവക്ഷേത്രത്തിൽ
ഡോ. എൻ. ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ കർക്കിടകവാവിന് പിതൃതർപ്പണവും, മഹാശിവരാത്രി ദിവസം പിതൃപൂജയും ഉണ്ടായിരിക്കും.

Scanned with CamScanner

## സനാതനധർമ്മപഠനം :

1. ധർമ്മപ്രചരണത്തിന് രണ്ടു ലക്ഷ്യങ്ങളേയുള്ളു; സനാതന ധർമ്മ മൂല്യങ്ങൾ ബുദ്ധിക്കും, യുക്തിക്കും, ശാസ്ത്രിത്തിനും നിരക്കുന്ന വിധത്തിൽ പഠിച്ച്, പഠിപ്പിച്ച്, പ്രചരിപ്പിക്കുക.

2. സനാതന ധർമ്മത്തിലുള്ള അന്ധവിശ്വാസങ്ങളും, ദുരാചാരങ്ങളും, ആഡംബരങ്ങളും, മിഥ്യാധാരണകളും ഇല്ലാതാക്കാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടേയിരിക്കുക.

3. ജ്ഞാനയോഗത്തിനും, കർമ്മയോഗത്തിനും, ഭക്തിയോഗത്തിനും, ഈ ക്രമത്തിൽ തന്നെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സനാതനധർമ്മ പഠനപ്രചരണം നടത്തുക.

**കർമ്മപദ്ധതികൾ**

1. പഠിക്കാനാവശ്യമായ ക്ലാസുകൾ, കുടുംബയോഗങ്ങൾ, പ്രഭാഷണങ്ങൾ, പൈതൃക കായിക മത്സരങ്ങൾ, പൈതൃക കലാ മത്സരങ്ങൾ, സാഹിത്യമത്സരങ്ങൾ... എന്നിവ സംഘടിപ്പിക്കുക.

2. യുട്യൂബ്, ഇന്റർനെറ്റ്, ഫേസ്ബുക്ക്, സിഡികൾ, പുസ്തകങ്ങൾ, ബ്രോഷറുകൾ എന്നിവയിലുടെ സനാതനധർമ്മം പ്രചരിപ്പിക്കുക.

3. ക്ഷേത്രങ്ങൾ, ആശ്രമങ്ങൾ, വിദ്യാലയങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയുമായി ചേർന്ന് പരിപാടികൾ സംഘടിപ്പിക്കുക.

4. എല്ലാ വിഭാഗത്തിലും, മതത്തിലും, രാഷ്ട്രീയ ചിന്താധാരകളിലും വിശ്വാസ പ്രമാണങ്ങളിലും പെടുന്ന വ്യക്തികളെ കർമ്മപദ്ധതികളിൽ ഉൾപ്പെടുത്തി മുന്നോട്ടുപോകണം.

5. ക്ഷേത്രങ്ങളേയും, ആശ്രമങ്ങളേയും, സനാതന പ്രസ്ഥാനങ്ങളേയും തിന്മകളിൽ നിന്നും മുക്തമാക്കുക. അഴിമതി, ആഡംബരം, ദുരാചാര പ്രചരണം ഇവയെ ശക്തമായ ബോധവൽകരണത്തിലൂടെ അകറ്റുക.

**പഠനവിഷയങ്ങളും വിഷയങ്ങളോടുള്ള വീക്ഷണവും**

1. നമ്മുടെ പുരാണങ്ങൾ ചരിത്രസംഭവങ്ങളാകാം കഥകളാകാം അനുഭവങ്ങളാകാം. അതിൽ നിന്ന് സന്ദേശങ്ങളെടുക്കാനാണ് പൂർണമായും നാം ശ്രദ്ധിക്കേണ്ടത്. വിശ്വാസത്തിലൂന്നിയ വെറും അനുഷ്ഠാനങ്ങളാകരുത് പുരാണ പഠനവും പാരായണവും.

2. മഹാഭാരതം കഥകളുടേയും അനുഭവങ്ങളുടേയും മിശ്രിതമാണെന്ന് പ്രത്യേകം അറിയണം. അതിൽ പലവിധകഥകളുണ്ട്. കുടാതെ പാണ്ഡവരുടേയും കൗരവരുടേയും അവരുമായി ബന്ധപ്പെട്ടവരുടേയും ജീവിതാനുഭവങ്ങളുമുണ്ട്. കഥകളിൽ നിന്ന് പഠിപ്പിക്കേണ്ടതായ പാഠങ്ങൾ വ്യക്തമായി പഠിപ്പിക്കുകയും. മഹാഭാരതത്തിലെ ഓരോ ചരിത്ര പുരുഷന്റേയും ജീവി

Scanned with CamScanner

താനുഭവങ്ങളും അതേ പ്രകാരം പഠിക്കുന്നവർക്ക് പ്രയോജന പ്രദമാകുന്ന വിധത്തിൽ പഠിപ്പിക്കുകയും വേണം.

3. രാമായണത്തിലുള്ളത് ശ്രീരാമനുമായി ബന്ധപ്പെട്ട 20 ഓളം വ്യക്തികളുടെ ജീവിതാനുഭവങ്ങളാണ്. ഓരോരുത്തരും ചെയ്ത ശരിയും തെറ്റും അതിന്റെ പരിണതഫലങ്ങൾക്കുമാണ് രാമായണം പഠിച്ച് പഠിപ്പിക്കുന്നതിൽ ഊന്നൽ നൽകേണ്ടത്. ആവശ്യത്തിൽ കൂടുതൽ അന്ധമായ ഭക്തി ചേർക്കരുത്. ഇവിടെ, ആവശ്യം യുക്തിയും പ്രായോഗിക ജീവിതത്തിലാവശ്യമായ ജ്ഞാനവുമാണെന്ന് പഠിപ്പിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണം.

4. വേദം എല്ലാവർക്കും പഠിക്കാനാകില്ല. അതിന്റെ ആവശ്യവുമില്ല. പഠിക്കരുതെന്നല്ല പറഞ്ഞിരിക്കുന്നത്. പഠിക്കേണ്ടതായ ആവശ്യമില്ല. എന്നാണ് നിർദ്ദേശം. വേദം പഠിക്കാനുള്ള യോഗ്യതയല്ല ബ്രാഹ്മണ്യം, പഠിച്ചവന്റെ സ്ഥാനപേരാണ് ബ്രാഹ്മണൻ. ഓരോ ഭാരതീയനും ഈ ജന്മത്തിൽ ഒരു വേദമെങ്കിലും കേൾക്കണമെന്നു നിർദ്ദേശിക്കുന്നതോടൊപ്പം, വേദ സന്ദേശങ്ങൾ കുറച്ചെണ്ണം പഠിപ്പിക്കണം. ആ സന്ദേശങ്ങളറിയാനാണ് വേദം പഠിക്കേണ്ടത് എന്ന് ഓർമ്മിപ്പിക്കണം. എല്ലാവരേയും വേദത്തിന്റെ നിലവാരത്തിലേക്ക് ഉയർത്താനാകില്ല എന്നറിയിക്കണം.

5. ഉപനിഷത്തുകൾ ജീവിതഗന്ധിയായ സത്യങ്ങളും തത്വങ്ങളും അഗാധമായ തലത്തിൽ നമ്മെ അറിയിക്കുന്നു. അവയിൽ പലതിലേയും, സന്ദേശങ്ങളും സത്യങ്ങളും ഇന്നത്തെ ജീവിതത്തിൽ ഏറെ പ്രയോജനമുള്ളതാണ്. അവയിൽ പലതും സാധാരണക്കാർക്കും വളരെയധികം പ്രയോജനപ്പെടും. അത്തരത്തിലാണ് ഉപനിഷത്തിലെ ജീവിതസത്യങ്ങൾ പഠിപ്പിക്കേണ്ടത്. എല്ലാവരേയും ഉപനിഷത്തിന്റെ നിലവാരത്തിലേക്ക് ഉയർത്താൻ ശ്രമിക്കേണ്ടതില്ല. എല്ലാ ഉപനിഷത്തുക്കളിലും ഒരേ പോലെയുള്ള സന്ദേശങ്ങളല്ലയെന്നും പഠിപ്പിക്കുന്നവർ ശ്രദ്ധിക്കണം.

6. ബ്രാഹ്മണ ഗ്രന്ഥങ്ങളെന്ന വിഭാഗത്തിൽപെടുന്ന വൈദീക ഗ്രന്ഥങ്ങളുണ്ടെങ്കിലും ഇന്നത്തെ ജനതക്ക് അതിൽ നിന്ന് കാര്യമായിട്ടൊന്നും എടുക്കാനില്ല. കാരണം അതിലുള്ളത് യാഗകർമ്മങ്ങളുമായി ബന്ധപ്പെട്ടതാണെന്നറിയിക്കണം. അൽപം ചരിത്രവുമുണ്ട്.

7. ആരണ്യകഗ്രന്ഥങ്ങളെന്നറിയപ്പെടുന്ന ഏതാനും ചെറിയ ഗ്രന്ഥങ്ങളുള്ളത്, വാനപ്രസ്ഥത്തിനും സന്യാസത്തിനും പോകുന്നവർക്കുള്ളതായതിനാൽ സാധാരണ ജനതക്ക് അതിനെ ഗഹനമായി പരിചയപ്പെടുത്തേണ്ടതില്ല.

8. വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ ഇവ ചേർന്നതാണ് വൈദീക ഗ്രന്ഥങ്ങളെന്നു പഠിപ്പിക്കണം.

വേദാംഗങ്ങൾ ആറെണ്ണമാണ്. അവയിൽ നാലെണ്ണത്തെക്കുറിച്ച് സുദീർഘമായി പഠിപ്പിക്കേണ്ടതില്ല, കാരണം 1. ശിക്ഷാഗ്രന്ഥങ്ങൾ വേദമ

Scanned with CamScanner

ന്ത്രപാഠ നിയമങ്ങൾ പഠിപ്പിക്കുന്നു. 2. നിരുക്ത ഗ്രന്ഥങ്ങൾ വേദമന്ത്ര പദങ്ങളുടെ ഉത്ഭവം വിവരിക്കുന്നു. 3. വ്യാകരണഗ്രന്ഥങ്ങൾ വേദമന്ത്രങ്ങളുടെ ഗ്രാമർ വ്യക്തമായി നൽകുന്നു. 4. ഛന്ദസ് ശാസ്ത്രം, വേദമന്ത്രങ്ങളുടെ രചനാവൃത്ത നിയമങ്ങൾ വിവരിക്കുന്നു. ഇവ സാധാരണക്കാരുടെ പഠനപരിധിയിൽ വരുത്തിയാൽ അവർക്കത് ഉൾക്കൊള്ളാനാകില്ല.

9. ജ്യോതിഷമാണ് വേദാംഗത്തിൽ ആറാമത്തേത് അതിൽ മൂന്നു ഭാഗമുണ്ട്. ശുദ്ധ ശാസ്ത്രവിഷയങ്ങളായ ഗണിതവും ജ്യോതിശാസ്ത്രവും. മൂന്നാമത്തേത് ശാസ്ത്രമല്ലാത്ത/ശാസ്ത്രമില്ലാത്ത പ്രവചനവുമാണ്. ജ്യോതിഷം അത്യഗാധമായ വിഷയമായ സ്ഥിതിക്ക് അതിനെക്കുറിച്ച് പ്രത്യേകം താൽപര്യമില്ലാത്തവർ പഠിക്കേണ്ടതില്ല. പഠിക്കണമെന്നുള്ളവർ നല്ല ജ്യോതിഷജ്ഞാനികളുടെ അടുക്കൽ നിന്ന് വിദ്യ അഭ്യസിക്കണമെന്നു സൂചിപ്പിക്കണം. അനവധി ജ്യോതിഷഗ്രന്ഥങ്ങളുണ്ട്. ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം പ്രവചനം ഇവ പ്രത്യേകം പ്രത്യേകമായിട്ടുള്ള ഗ്രന്ഥങ്ങളുമുണ്ട്.

10. കൽപശാസ്ത്രമാണ്. ആറാമത്തെ വേദാംഗം. അതിൽ യാഗകർമ്മങ്ങളെക്കുറിച്ച് സുദീർഘമായ വിവരണങ്ങൾ നൽകുന്ന ശ്രൗതസൂത്രഭാഗം അതിബൃഹത്തായ കൽപശാസ്ത്രഗ്രന്ഥങ്ങളിലെ (പ്രധാനപ്പെട്ടവ ബൗധായന കൽപശാസ്ത്രം, കാത്യായന കൽപശാസ്ത്രം, ആപസ്തംബകൽപശാസ്ത്രം, മാനവ കൽപശാസ്ത്രം) അതിബൃഹത്തായ ഭാഗമാണ്. ശ്രൗതസൂത്രഭാഗം. യാഗം നടത്തുന്ന വേദപണ്ഡിതരെ മാത്രം ഉദ്ദേശിച്ചുള്ളതാണീ ഗ്രന്ഥഭാഗം.

11. ഗൃഹ്യസൂത്രം കൽപശാസ്ത്രത്തിലെ രണ്ടാമത്തെ ഭാഗമാണ്. ഭാര്യ-ഭർത്താവ്-അച്ഛൻ, അമ്മ-മക്കൾ... ഇവരും ഇവരുമായി ബന്ധപ്പെട്ടവരുമായ ഗൃഹസ്ഥന്മാർ അനുഷ്ഠിക്കേണ്ടുന്ന ജാതകർമ്മം,

നാമകരണം, അന്നപ്രാശനം, നിഷ്ക്രമണം... ഉപനയനം, വിവാഹം, സീമന്തോന്നയനം.. അന്ത്യകർമ്മം വരെയുള്ള ഷോഡശ കർമ്മങ്ങളുടേയും, ഗൃഹനിർമ്മാണം തുടങ്ങിയവുമായ ബന്ധപ്പെട്ട ചടങ്ങുകളുടേയും വിവരണമാണ് കൽപശാസ്ത്രത്തിന്റെ രണ്ടാം ഭാഗമായ ഗൃഹ്യസൂത്രത്തിൽ വരുന്നതെന്ന് വ്യക്തമായി അറിയിക്കണം.

12. ധർമ്മശാസ്ത്രമാണ് കൽപശാസ്ത്രത്തിന്റെ മൂന്നാം ഭാഗം. അത് ഭാരതത്തിലെ വിവിധ ജനപദങ്ങളുടെ രാഷ്ട്രഭരണവും, സമൂഹ ജീവിതവും, കുടുംബ ജീവിതവും, വ്യക്തി ജീവിതവുമായി ബന്ധപ്പെട്ട രാഷ്ട്രജീവിത നിയമാവലികളാണ്. ഇതിൽ രാജധർമ്മം, ഭരണവിവരണം, ഭരണാധികാരികളുമായി ബന്ധപ്പെട്ട കർമ്മങ്ങൾ, ശിക്ഷാവിധി, എന്നിവയെല്ലാം ധർമ്മശാസ്ത്രത്തിൽ വരുന്നു. കൽപശാസ്ത്രത്തിന്റെ ഭാഗമല്ലാത്ത സ്വതന്ത്രമായ അനവധി ധർമ്മ ശാസ്ത്രങ്ങളുമുണ്ട്. ധർമ്മശാസ്ത്രങ്ങളെയെല്ലാം തന്നെ സ്മൃതികളെന്നും അറിയപ്പെടുന്നു. ഇവയെല്ലാം മാറ്റത്തിനു വിധേയമാണ്.

13. അർത്ഥശാസ്ത്രം ഋഗ്വേദത്തിന്റെ ഉപവേദമാണ് ഇത് ഭാരതീയ സാമ്പ

Scanned with CamScanner

ത്തീക ശാസ്ത്രമാണ്. അനവധി അർത്ഥശാസ്ത്രഗ്രന്ഥങ്ങളുള്ളതിൽ ഏറ്റവും പ്രസിദ്ധമായത് ചാണക്യന്റെ അർത്ഥശാസ്ത്രമാണ്. ധനുർവേദമാകട്ടെ യുദ്ധനിയമങ്ങൾ വിവരിക്കുന്നു. ഇത് യജൂർവേദത്തിന്റെ ഉപവേദമാണ് ദ്രോണാചാര്യകൃതിയാണ് ശ്രേഷ്ഠമായിട്ടുള്ളത്. സംഗീത നൃത്ത ശാസ്ത്രഗ്രന്ഥമായ ഗാന്ധർവവേദം. അനവധി ഗ്രന്ഥങ്ങൾ സംഗീതവുമായ ബന്ധപ്പെട്ടതുണ്ട്. ശാർങ്ങധരന്റെ സംഗീത രത്നാകരവും ഭരതമുനിയുടെ നാട്യശാസ്ത്രവും ശ്രേഷ്ഠമാണ് അഥർവവേദത്തിന്റെ ഉപവേദമാണ് ആയുർവേദം ചരകസംഹിതയും സുശ്രുതസംഹിതയും, അഷ്ടാംഗഹൃദയവും അഷ്ടാംഗസംഗ്രഹവുമെല്ലാം ആയുർവേദത്തിലെ അതിഗഹനമായ വിവരണങ്ങൾ നൽകുന്നു. ഈ ഉപവേദങ്ങളെക്കുറിച്ച് ഒരു സാമാന്യവിവരണം നൽകുകയല്ലാതെ ഗഹനമായ വിവരണം സാധാരണക്കാർക്ക് നൽകേണ്ടതില്ല. ഇവയെല്ലാം ആധുനീക കോളേജ് വിദ്യാഭ്യാസത്തിന്റെ കൂടി ഭാഗമാണ്.

14. ആറു ദർശനങ്ങൾ സാമാന്യജനതക്ക് പ്രാപ്യമല്ലാത്തതിനാൽ അവയുടെ പേരുകൾ മാത്രം പഠിപ്പിക്കുക. പൂർവമീമാംസാ ദർശനം ഉത്തരമീമാംസ ദർശനം വൈശേഷിക ദർശനം, സാംഖ്യദർശനം, യോഗദർശനം, ന്യായദർശനം. ഇവയെല്ലാം ആധുനീക കോളേജ് വിദ്യാഭ്യാസത്തിൽ B.A. M.A, Ph.D വിഷയങ്ങളാണ്.

**ഭാരതീയ ആചാരങ്ങളിലെ അഞ്ചു പാഠങ്ങൾ**

**ആചാര വിശകലനം** : അ മനസ്സ് - ശരീരം - കുടുംബം - സമൂഹം - രാഷ്ട്രം ഇവയുടെ നന്മക്കുതകുന്നതെല്ലാം സദാചാരങ്ങളായി വിശകലനം ചെയ്തു പഠിക്കണം. മേൽപറഞ്ഞ അഞ്ചു കാര്യങ്ങൾക്ക് ഒന്നിനും ശാശ്വതമായ പ്രയോജനമില്ലാത്തതും അനാവശ്യമായി അനുവർത്തിച്ചുവരുന്ന ആചാരങ്ങളെ അനാചാരങ്ങൾ എന്നു പറയുന്നു. മേൽപ്പറഞ്ഞവയിലേതെങ്കിലും ഒന്നിന് തിന്മവരുത്തുന്നത് (എത്ര പഴക്കമുള്ളതാണെങ്കിലും) ദുരാചാരങ്ങളാണെന്നറിയണം.

1. **മനസ്സിനു നന്മവരുത്തുന്ന ആചാരങ്ങൾ** : അനുഗ്രഹിക്കുക, അഭിനന്ദിക്കുക, രാമായണ-ഗീത-ഭാരത-വേദ- ഉപനിഷദ്-സുഭാഷിത ........ സന്ദേശങ്ങൾ കേൾക്കുക, പഠിക്കുക. പ്രാർത്ഥന - ധ്യാനം - തത്ത്വശാസ്ത്ര ശ്രവണം എന്നിവ ചെയ്യുക. ബുദ്ധിക്കും, യുക്തിക്കും, ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ മനസ്സിനെ സ്വാധീനിക്കുന്ന 20 ആചാരങ്ങൾ പഠിക്കുക.

2. **ശരീരത്തിനു നന്മ വരുത്തുന്ന ആചാരങ്ങൾ** : സൂര്യനമസ്ക്കാരം, യോഗാസനം, ഏകാദശി ഉപവാസം, പ്രഭാതത്തിലുണർന്ന് കിടക്കയിലിരുന്നുള്ള പ്രാർത്ഥന - ഭൂസ്പർശനം - സ്നാനം - ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന - സസ്യാഹാരം - ജലപാന വ്രതം - ക്ഷേത്രദർശന യാത്ര - തീർത്ഥാടനം ഇവയുടെ ശാരീരികവും മാനസികവുമായ നന്മകൾ പഠിച്ച് പഠിപ്പിക്കുക.

3. **കുടുംബബന്ധം ദൃഢമാക്കുന്ന ആചാരങ്ങൾ** : ജാതകർമ്മം-നാമകര

Scanned with CamScanner

ണം-അന്നപ്രാശനം-വിവാഹം-ജന്മദിനാഘോഷം എന്നീ ഗാർഹിക കർമ്മങ്ങൾ, പിതൃകർമ്മം, ക്ഷേത്രദർശനം, തീർത്ഥാടനം ഇവ മനസ്സിനും, ശരീരത്തിനും, കുടുംബബന്ധം ദൃഢമാക്കാനുമായി എങ്ങനെ പ്രയോജനപ്പെടുന്നു എന്നറിഞ്ഞ്, അറിയിക്കുക.

4. **സമൂഹബന്ധം ദൃഢമാക്കുന്ന ആചാരങ്ങൾ :** സമൂഹാഘോഷങ്ങൾ, സമൂഹ ക്ഷേത്രാനുഷ്ഠാനങ്ങൾ, സമൂഹ തീർത്ഥാടനം, വിവാഹാഘോഷം, മരണവും മരണാനന്തര ചടങ്ങുകളും.... ധാർമ്മിക മൂല്യങ്ങളുമായി ബന്ധപ്പെട്ട അചാരാനുഷ്ഠാനങ്ങൾ ഇവ ശരീരത്തിന്, മനസ്സിന്, കുടുംബത്തിന്, സമൂഹത്തിന് ശാശ്വതമായ നന്മവരുത്തുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുക.

5. **രാഷ്ട്രനന്മയ്ക്കുതകുന്ന ആചാരങ്ങൾ :** തീർത്ഥാടനം, പുണ്യക്ഷേത്ര ദർശനം, പുണ്യനദികൾ - ദേവാലയങ്ങൾ - എന്നിവയ്ക്കുപുറമേ ഇതിഹാസ പുരുഷന്മാർ - ഋഷിവര്യന്മാർ..... എന്നിവരുമായി ബന്ധപ്പെട്ട പഠനവും അനുഷ്ഠാനങ്ങളും, മനസ്സിന്, ശരീരത്തിന്, കുടുംബ ബന്ധത്തിന്, സാമൂഹിക ബന്ധത്തിന് രാഷ്ട്രത്തിന്റെ ഐക്യത്തിന് എപ്രകാരം പ്രയോജനപ്പെടുന്നു എന്നറിയുക.

1. **അനാചാരങ്ങൾ :** ജാതിചിന്ത, വേദപഠന നിഷേധം, ആഘോഷങ്ങളിലെ ധൂർത്ത്, ക്ഷേത്ര ദർശന വേളയിൽ ഷർട്ട്-പാന്റ്സ്-നിഷേധം, മഹാഭാരതം വീട്ടിൽ വയ്ക്കരുതെന്ന അന്ധവിശ്വാസം, വേണ്ടാത്തതിനുള്ള പ്രശ്നം വയ്ക്കൽ, വാസ്തു വിശകലനം, ആനയെകൊണ്ടുള്ള ഉത്സവം.... ഇവ അനാചാരങ്ങളാണെന്ന് പഠിച്ച് പഠിപ്പിക്കുക.

2. **ദുരാചാരങ്ങൾ :** മനസ്സ്, ശരീരം, കുടുംബബന്ധം, സമൂഹബന്ധം, രാഷ്ട്രത്തിന്റെ ഐക്യം ഇവയിലൊന്നിനോ അതിൽ കൂടുതലോ കാര്യങ്ങൾക്ക് ശാശ്വതമായ ദുഷ്യഫലങ്ങളുളവാകുന്നവയാണ് ദുരാചാരങ്ങൾ. ഇതിൽ പലതും സ്വാർത്ഥ ലാഭത്തിനായി അനുഷ്ഠിക്കുന്നതുമാണ്. ദേവപ്രീതിക്കായി മൃഗബലി, മദ്യനിവേദ്യം, ആഭിചാരകർമ്മങ്ങൾ, ദുർമ്മന്ത്രവാദം, ദൈവഭയം സൃഷ്ടിക്കൽ, എന്നിവ.... ദുരാചാരങ്ങളാണ്.

3. എല്ലാ ആചാര - വിചാര - വിശ്വാസ-സങ്കൽപങ്ങളുടെയും പരമമായ ലക്ഷ്യം മനസ്സിൽ നന്മ സൃഷ്ടിച്ച് ആ മനസ്സിൽ നിന്ന് സത്ചിന്തകളുണ്ടാക്കി, അതിലൂടെ സത്കർമ്മങ്ങൾ ചെയ്യുവാൻ പ്രേരിപ്പിച്ച്, സത്കർമ്മഫലങ്ങളുളവാക്കി, സത്കർമ്മപ്രതിഫലങ്ങളനുഭവിക്കലാണെന്ന് പഠിക്കണം.

**ഭാരതീയ ആത്മീയതയിലെ അഞ്ചു പാഠങ്ങൾ: ഭാരതീയ ആത്മീയത - വ്യക്തികളുടെ വിദ്യാഭ്യാസ ആത്മീയ നിലവാരമനുസരിച്ച് പഠിച്ച് പഠിപ്പിക്കണം**

1. **ക്ഷേത്രാരാധന :** കരിങ്കല്ല്, വെട്ടുകല്ല്/കളിമൺ, മരം, മാർബിൾ, ലോഹം, ചിത്രം, വിളക്ക്, മനോരൂപം എന്നീ വിഗ്രഹങ്ങൾ, ശരീര-മനോ-വാക്-ആഹാര-കർമ്മം എന്നീ പഞ്ചശുദ്ധികൾ, ശ്രവണ-ദർശന-കീർത്തന-മനന-

Scanned with CamScanner

വന്ദന-അർച്ചന-സേവന-സമർപ്പണം എന്നീ എട്ടു ക്ഷേത്രാരാധനാ കർമ്മങ്ങളിലൂടെ ക്ഷേത്രത്തിലൂടെ ലഭിക്കുന്ന പ്രകാശ-ശബ്ദ-രാസ-താപ-ഊർജ്ജവൽക്കരണമാണ് പ്രധാനം. ക്ഷേത്രത്തിന്റെ മനഃ-ശരീര-കുടുംബ-സമൂഹ-രാഷ്ട്ര-സാംസ്കാരിക-കലാപര-സാഹിത്യപര-സാമ്പത്തിക-വ്യാവസായിക-മനശാസ്ത്രപരമായ പ്രയോജനങ്ങളും, വിഗ്രഹാരാധനയുടെ മഹത്വവും പഠിക്കണം.

2. മത്സ്യാവതാരം മുതൽ കൽക്കി വരെയുള്ള അവതാര പരിണാമ വിവരണം, അവതാര തുല്യരായ കപിലൻ, ശ്രീബുദ്ധൻ, ജൈനൻ, ഗുരുനാനാക് എന്നിവരെക്കുറിച്ചും പഠിക്കണം. (പുരാണങ്ങളിലെയും ഇതിഹാസങ്ങളിലെയും ഈശ്വരസങ്കല്പമാണിത്). ഈ അവതാരങ്ങളുമായി ബന്ധപ്പെട്ട കഥകളിലും, ജീവിതാനുഭവങ്ങളിലും നിറഞ്ഞു നിൽക്കുന്ന സന്ദേശങ്ങളും അവർ നൽകുന്ന ഉപദേശങ്ങളും ഇന്നത്തെ കാലഘട്ടത്തിനനുയോജ്യമായ വിധത്തിൽ ജീവിതത്തിൽ പകർത്താനുള്ള ആത്മീയതയാണ് രണ്ടാം ഘട്ടത്തിലുള്ളത്.

സാധാരണ മനുഷ്യർക്കും ഉപാസനയിലൂടെ അവതാരങ്ങളുടെ നിലവാരത്തിലേക്കുയരാൻ സാധിക്കണമെന്നതാണ് നിർദ്ദേശം. അമ്മ, സ്വാമി, ഗുരുജി, നാരായണഗുരു എന്നിവരെപോലെ.

3. ത്രിമൂർത്തി-ത്രിശക്തീ ആരാധന:- സങ്കൽപങ്ങളിലൂടെ നന്മതിന്മകളുടെ വിവരണം, മനുഷ്യനിലുള്ള (33%) മുപ്പത്തിമുക്കോടി ദേവാംശം, (33%) മുപ്പത്തിമുക്കോടി മാനവാംശം, (33%), മുപ്പത്തിമുക്കോടി അസുരാംശം, പുരാണദേവതാ സങ്കല്പം, മഹാമായാ സങ്കല്പം, ദേവ അസുര-രാക്ഷസ- വിവരണത്തിലൂടെ ജീവിതത്തിലെ നന്മതിന്മ വിവരണം, യമ-രാക്ഷസ-യക്ഷ-ഗണേശ-സുബ്രഹ്മണ്യ- സങ്കല്പങ്ങൾ, ദേവവാഹനങ്ങൾ, ദേവവൃക്ഷം, ഇവയുടെ യുക്തിവിവരണം (പുരാണങ്ങളിലെ ഈശ്വര സങ്കല്പമാണിത്).

4. പ്രപഞ്ചപുരുഷ ആരാധന:- വിശ്വരൂപം, സങ്കല്പം, പ്രകൃതീദേവീ സങ്കല്പം, പ്രപഞ്ചപുരുഷന്റെ ഭാഗമായതിനാൽ സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ, ജ്യോതിർഗോളങ്ങൾ, ഭൂമി, വായു, ജലം, നദികൾ, പർവ്വതങ്ങൾ, വൃക്ഷങ്ങൾ, അഗ്നി, മൃഗങ്ങൾ..... ഇവയിലെല്ലാം ദർശിക്കുന്ന ഈശ്വരാംശം വിവരിക്കണം. ജീവിച്ചിരിക്കുന്ന ഋഷിതുല്യരായവരിലും നിലനിൽക്കുന്ന ഈശ്വരാംശം (എല്ലാം പ്രപഞ്ചപുരുഷന്റെയും, പ്രകൃതീദേവിയുടെയും ഭാഗമായതുകൊണ്ടാണെന്നറിയണം! (വേദങ്ങളിലെ ഈശ്വര സങ്കല്പമാണിത്).

5. ബ്രഹ്മസങ്കല്പം ആരാധന:- പരബ്രഹ്മ സങ്കൽപ്പം, ജീവാത്മചൈതന്യം, പരമാത്മ ചൈതന്യം, എന്നിവ വിവരിക്കുന്ന ഉപനിഷത്തുക്കളിലെ ഈശ്വരസങ്കൽപം. (ആദ്യത്തെ 18 ഉപനിഷത്തുക്കളിൽ വിവരിക്കുന്ന ഈശ്വര സങ്കൽപമാണിത്)

ബൈബിളിലെയും ഖുറാനിലെയും ഈശ്വര സങ്കൽപങ്ങളും. അതിൽ യഹോവ, അള്ളാഹു എന്നീ ദേവസങ്കൽപങ്ങളും ഭാരതീയ ഈശ്വരസങ്കല്പങ്ങളും

Scanned with CamScanner

ഗ്രന്ഥങ്ങളും തമ്മിലുള്ള വ്യത്യാസം വ്യക്തമായി പഠിച്ച് വിദ്വേഷമോ അവജ്ഞയോ തോന്നാത്ത വിധത്തിൽ യാഥാർത്ഥ്യങ്ങൾ വിവരിച്ചുകൊടുക്കണം.

**ഭാരതീയ ഗ്രന്ഥങ്ങളുടെ അഞ്ചുപാഠങ്ങൾ**

സാധാരണക്കാർക്ക് കഥകളിലൂടെ സന്ദേശങ്ങൾ നൽകുന്നതാണ് പുരാണങ്ങൾ അൽപംകൂടി ഉയർന്നാൽ മഹാഭാരതത്തിലെ കഥകൾ, അനുഭവങ്ങൾ, സന്ദേശങ്ങൾ അവയിലേക്കു കടക്കണം.

കുടുതലുയരുമ്പോൾ കഥകളില്ലാതെ, അനുഭവങ്ങളും സന്ദേശങ്ങളും ചേർന്ന വാത്മീകി രാമായണത്തിലേക്കു കടക്കണം.

പിന്നീട് ജാതിക്കും മതത്തിനും ഇസത്തിനും വർഗ-വർണ-ഭാഷാ-ദേശ-ലിംഗ വ്യത്യാസങ്ങൾക്കുമതീതമായ വേദസന്ദേശങ്ങളിലേക്കു കടക്കണം പിന്നീട് പരമസത്യങ്ങൾ വിവരിക്കുന്ന ഉപനിഷത്തിലേക്കും.

1. **പുരാണങ്ങൾ** :- പുരാണങ്ങളിൽ നിന്ന് കഥകൾ വേർതിരിച്ചെടുത്ത് കഥാപാത്രങ്ങളിൽ നിന്നും നാം പഠിക്കേണ്ടതായ തത്വങ്ങളും സന്ദേശങ്ങളും വിശകലനം ചെയ്യണം. പുരാണകഥകളിലെ സത്യം-അസത്യം, ധർമ്മം-അധർമ്മം, നീതി-അനീതി, ശരി-തെറ്റ്, ഇവ ഏതെല്ലാമാണെന്നും കഥാപാത്രങ്ങളെപ്പോലെ നമ്മൾ ജീവിച്ചാൽ എന്തുസംഭവിക്കുമെന്നും ചിന്തിപ്പിക്കുന്ന വിധത്തിൽ പഠിപ്പിക്കണം. പുരാണ കഥാപാത്രങ്ങൾ നൽകുന്ന ഉപദേശങ്ങൾ സമകാലീന പ്രസക്തമാംവിധത്തിൽ പഠിച്ച് പഠിപ്പിക്കണം. : പ്രഹ്ളാദന്റെ കഥ, ധ്രുവന്റെ കഥ, നഹുഷന്റെ കഥ, പ്രാചീന ബർഹിസ്സിന്റെ കഥ, കപിലന്റെ ഉപദേശം, ജഡഭരതന്റെ കഥ, മഹാബലിചക്രവർത്തിയുടെ കഥ, അംബരീഷന്റെ കഥ, ഗജേന്ദ്രന്റെ കഥ, ഭസ്മാസുരന്റെ കഥ, അസുരന്മാരുടെ കഥകൾ, ദേവതകൾക്ക് അഹങ്കാരമുണ്ടായതിന്റെ കഥകൾ, ശിവന്റെ കഥകൾ, ത്രിമൂർത്തിമാരുടെ കഥയിലോരോന്നും വിവരിച്ചുകൊടുത്ത് ജീവിതത്തിൽ പകർത്തേണ്ടതായ സന്ദേശങ്ങളെടുക്കേണ്ടതും പഠിപ്പിക്കുക. (50 കഥകൾ വിശകലനം ചെയ്യണം)

2. **മഹാഭാരതം**:-മഹാഭാരതത്തിലെ ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തീദേവി, വിദുരർ, ഭീഷ്മർ, ദ്രോണർ, കർണൻ, ധർമ്മപുത്രൻ, അർജ്ജുനൻ, ദുര്യോധനൻ, ദുഃശാസനൻ, ശകുനി, ............. തുടങ്ങിയവരുടെ ഗുണങ്ങളും ദോഷങ്ങളുമെന്തായിരുന്നു? അവർ ചെയ്ത ശരിയും തെറ്റും എന്തായിരുന്നു? അവരുടെ ജീവിതവും ജീവിതാന്ത്യവും എങ്ങിനെയായിരുന്നു? അതിനുള്ള കാരണവും കാരണക്കാരുമാരായിരുന്നു? അവരെപ്പോലെ നാം ജീവിച്ചാൽ നമുക്കെന്തു സംഭവിക്കുമെന്ന് ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും അനുയോജ്യമാം വിധത്തിൽ മഹാഭാരതത്തിലെ ഓരോ സംഭവവും വിശകലനം ചെയ്തു പഠിപ്പിക്കണം. (1) അമ്മയായ ഗാന്ധാരി കണ്ണുകെട്ടി നടന്നപ്പോൾ മക്കൾക്കെന്തു സംഭവിച്ചു? (2) പിതാവ് അന്ധനോ അന്ധനെപ്പോലെ പെരുമാറുന്നവനോ ആയാൽ മക്കൾക്കെന്തു സംഭവിക്കുമെന്ന് ധൃതരാഷ്ട്രരിൽ നിന്നു പഠിക്കുക. (3) മാതാവായ കുന്തി, മക്കളിൽ വാശിയും പകയും

Scanned with CamScanner

വളർത്താതിരുന്നതിനാൽ പാണ്ഡവർക്കെന്തു സംഭവിച്ചു? സൈന്യബലത്തിൽ കുറവായിരുന്നിട്ടും എന്തുകൊണ്ട് പാണ്ഡവർ ജയിച്ചു? (4) ദുര്യോധനാദികൾ എന്തുകൊണ്ട് ഇത്രയും ദുഷ്ടന്മാരായി? (5) ഭീഷ്മർക്ക് എന്തുകൊണ്ട് ശരശയ്യയിൽ കിടക്കേണ്ടിവന്നു? (6) ധർമ്മപുത്രർക്ക് ചൂതുകളിയിൽ ലഹരി മൂത്തതുകൊണ്ടല്ലേ എല്ലാം പണയം വച്ച് കാട്ടിൽ പോകേണ്ടിവന്നത്? (7) കുടുംബത്തിലെ അംഗമായ ശകുനി, തെറ്റായ പന്ഥാവിലൂടെ കൗരവരെ നയിച്ചതിന്റെ ഫലമെന്തായിരുന്നു? (8) രാഷ്ട്രത്തിന്റെ നന്മ ലക്ഷ്യമിട്ട് എടുത്ത പ്രതിജ്ഞ രാഷ്ട്രത്തെ ഭരിക്കുന്നവരുടെ രക്ഷയ്ക്കായി മാറ്റിയതല്ലേ ഭീഷ്മർക്ക് ഇങ്ങിനെയൊരു ദുരവസ്ഥയുണ്ടായത്? കൗരവർക്കെന്തു സംഭവിച്ചു, എന്തുകൊണ്ടത് സംഭവിച്ചു? (10) പാണ്ഡവർക്കെന്തു സംഭവിച്ചു? എന്തുകൊണ്ടത് സംഭവിച്ചു? അവരിലോരോരുത്തരുടേയും നന്മതിന്മകൾ നാം ജീവിതത്തിൽ പകർത്തിയാൽ നമുക്ക് എന്തു സംഭവിക്കും? മഹാഭാരതത്തിൽ മഹർഷിമാരും, ഭീഷ്മരും, വിദുരനും, ശ്രീകൃഷ്ണനും വിവരിക്കുന്ന സന്ദേശങ്ങളും പഠിക്കുക. (25 സംഭവങ്ങൾ വിശകലനം ചെയ്തു പഠിക്കണം)

3. **വാത്മീകിരാമായണം :** രാമായണത്തിലെ ദശരഥൻ, കൈകേയി, സുമിത്ര, ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, ബാലി, സുഗ്രീവൻ, രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ, ഹനുമാൻ, ശബരി....... എന്നീ ചരിത്രപുരുഷന്മാരുടെ പ്രത്യേകതകൾ, ശരിതെറ്റുകൾ, കർമ്മഫലങ്ങൾ, നന്മതിന്മകൾ, അവർ ജീവിച്ചതുപോലെ നമ്മൾ ജീവിച്ചാൽ നമുക്കെന്തു സംഭവിക്കുമെന്ന് തിരിച്ചറിഞ്ഞ് രാമായണത്തിലെ ഓരോ സംഭവവും വിശകലനം ചെയ്ത് സമകാലീന പ്രസക്തമായ സന്ദേശങ്ങൾ വിശദീകരിച്ച് പഠിപ്പിക്കണം. (രാമായണത്തിലെ 15 ചരിത്ര, സ്ത്രീ പുരുഷന്മാരെക്കുറിച്ച് പഠിക്കണം) + 15 സംഭ
ഉദാഹരണം : ദശരഥൻ കൈകേയിക്ക് വരം കൊടുക്കേണ്ടതാവശ്യമായിരുന്നോ? (2) നല്ല സ്വഭാവമുള്ള കൈകേയിക്ക് കൂട്ടുകെട്ട് മന്ഥരയായപ്പോൾ എന്തു സംഭവിച്ചു? (3) തന്റെ മകനെ രാജാവാക്കണമെന്ന് ശഠിച്ചതിന്റെ പരിണതഫലം (4) യുദ്ധം ചെയ്തപ്പോൾ ജ്യേഷ്ഠാനുജന്മാരായ ബാലിസുഗ്രീവന്മാർക്ക് എന്തുസംഭവിച്ചു? (5) രാവണന്റെ സ്വാർത്ഥതയുടെ പരിണതഫലമെന്തായിരുന്നു? (6) തെറ്റുചെയ്ത രാവണന്റെകൂടെ നിന്നവർക്കെന്തു സംഭവിച്ചു? (7) രാവണന്റെ കൂടെ നിൽക്കാത്തവർക്കെന്തു സംഭവിച്ചു? (8) അച്ഛന്റെ തെറ്റിനുവേണ്ടി നിലനിന്ന മക്കൾക്കെന്തു സംഭവിച്ചു? (9) മണ്ഡോദരിയുടെ ഉപദേശം തിരസ്കരിച്ച രാവണനെന്തു സംഭവിച്ചു? (10) ഇപ്രകാരം നമ്മളും പ്രവർത്തിച്ചാൽ നമുക്കു സംഭവിക്കുന്നതെന്തായിരിക്കുമെന്ന് ഇതിൽ നിന്നും പഠിക്കാൻ ശ്രമിക്കണം.

**4. വേദങ്ങൾ : ക. ഋഗ്വേദസംഹിത (25 ശാഖകൾ) കക. യജുർവേദസംഹിത (108 ശാഖകൾ) കകക. സാമവേദസംഹിത (1000 ശാഖകൾ) കഢ. അഥർവവേദസംഹിത (50 ശാഖകൾ) :**

വേദസന്ദേശങ്ങളെടുക്കേണ്ടത് ഇപ്രകാരമായിരിക്കണം. (1) ഉത്തിഷ്ഠതാ = ചൈതന്യവത്തായി എഴുന്നേറ്റു നിൽക്കുക. (2) ജാഗ്രത ഈ ലോകത്തിൽ

Scanned with CamScanner

നാം ശാശ്വതരല്ലെന്നോർമ്മിക്കുക. (3) പ്രാപ്യവരാന്നിബോധതാ = അറിവുള്ളവരിൽ നിന്ന് അറിവുനേടി പ്രബുദ്ധരാകുക. (4) അസതോമാ സദ്ഗമയ = തിന്മയിൽ നിന്ന് ഞങ്ങളെ നന്മയിലേക്ക് നയിക്കുക. (5) തമസോ മാ ജ്യോതിർഗമയ = ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് ഞങ്ങളെ നയിക്കുക. (6) സംഗച്ഛധ്വം = നമുക്കൊരുമിച്ച് മുന്നോട്ടുപോകാം. (7) സംവദധ്വം= ചൈതന്യവത്തായി സംസാരിക്കാം (8) സംവോമനാംസി ജാനതാം = നല്ലരീതയിൽ പരസ്പരം മനസ്സിലാക്കാം. (9) സമാനോ മന്ത്രഃ = ഒരേ മന്ത്രമാലപിക്കാം. (10) സമാനാ ഹൃദയാനി വഃ = നമ്മുടെ ഹൃദയത്തുടിപ്പുകളും ഒരേ രീതിയിലാകട്ടെ. (11) ഭദ്രം കർണ്ണേഭി ശ്രുണുയാമ ദേവാ = നന്മനിറഞ്ഞതു കേൾക്കുവാനിടവരട്ടെ (12) സഹനാ വവതു = നമുക്കൊരുമിച്ചു നിലനിൽക്കാം. (13) സഹനൗ ഭുനക്തു = കർമ്മഫലം ഒരുമുച്ചനുഭവിക്കാം. (14) സഹവീര്യം കരവാവഹൈ = ഒരേപോലെ പ്രവൃത്തിപഥത്തിൽ മുന്നേറാം. (15) തേജസ്വിനാവധീതമസ്തു = (അപ്രകാരം) തേജസ്വികളാകാം. (16) മാ വിദ്വിഷാവഹൈ = ആരോടും വിദ്വേഷമില്ലാത്ത മാനസീകാവസ്ഥയുണ്ടാകട്ടെ. (17) ആ നോ ഭദ്രാ: ക്രതവോയന്തുവിശ്വതഃ = നന്മനിറഞ്ഞ ചിന്താധാരകൾ ലോകത്തിലെല്ലായിടത്തുനിന്നും വന്നുചേരട്ടെ. (18) സത്യം വദ = സത്യം പറയുക (19) ധർമ്മം ചര = ധർമ്മത്തിലൂടെ ചരിക്കുക (20) സ്വാധ്യായ പ്രവചനാഭ്യാം ന പ്രമദിതവ്യം = പഠിച്ച് പഠിപ്പിക്കുന്നതിൽ നിന്ന് വ്യതിചലിക്കാതിരിക്കുക (21) മാതൃദേവോ ഭവ= അമ്മ ഈശ്വര തുല്യയായിത്തീരട്ടെ. (22) സത്യമേവ ജയതേ = സത്യമേ വിജയിക്കൂ. (23) ലോകാ സമസ്താ സുഖിനോ ഭവന്തു = ലോകത്തിലെ സർവചരാചരങ്ങൾക്കും സുഖമുണ്ടാകട്ടെ.....(ഇപ്രകാരം 100 വേദസന്ദേശങ്ങൾ പഠിക്കണം)

5. ഉപനിഷത്തുക്കൾ : ഇവിടെ ഹിന്ദുധർമ്മത്തിന്റെ പരമോന്നത അവസ്ഥയിലെ തത്വങ്ങളും പ്രായോഗിക കർമ്മങ്ങളും വിശകലനം ചെയ്യുന്നു. ഉപനിഷത്തുക്കളിൽ പഞ്ചഭൂതം, പഞ്ചപ്രാണൻ, പഞ്ചകർമ്മേന്ദ്രിയം, പഞ്ചജ്ഞാനേന്ദ്രിയം, മനസ്, പ്രപഞ്ച ചൈതന്യം, ബോധം, പ്രജ്ഞാനം തുടങ്ങിയ അത്യാധുനിക വിഷയങ്ങളെക്കുറിച്ച് വിവരിക്കുന്നു.

(പുരാണ, മഹാഭാരത, രാമായണ, വേദ, ഉപനിഷദ് ചിന്താധാരകളെല്ലാം ചേർന്നതാണ് ഹിന്ദുധർമ്മം.)

1. കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ട ലളിതമായ കാര്യങ്ങൾ: പഴഞ്ചൊല്ലുകൾ, കടംകഥകൾ, പൈതൃക കളികൾ, പ്രകൃതിയുമായി ച്ചേർന്നുള്ള ജീവിതം, ജീവിതത്തിൽ സുഖദുഃഖങ്ങളുണ്ടെന്ന ബോധം, മറ്റുള്ളവരുടെ വേദന അറിയാനുള്ള മനസ്സ്, സഹായിക്കാനുള്ള മനസ്സ്, നല്ല സിനിമകൾ - ടിവി പരിപാടികൾ, കലാപരിപാടികൾ എന്നിവയും കണ്ടും വിശദീകരിച്ചുകൊടുത്തും നന്മകൾ വളർത്തുക.

2. ജീവിത സന്ദേശം : പ്രഭാതത്തിൽ 5.30 നു മുമ്പുണരണം. കിടക്കയിലിരുന്ന് പ്രാർത്ഥിക്കണം. ഉണർന്നയുടനെ പ്രഭാത സ്നാനം ചെയ്യണം. പത്തു

Scanned with CamScanner

മിനിറ്റെങ്കിലും മന്ത്രങ്ങളും കീർത്തനങ്ങളും ചൊല്ലി പ്രാർത്ഥിക്കണം. 16 പ്രാവശ്യം പ്രാണായാമം ചെയ്യണം. അഞ്ച് സൂര്യനമസ്കാരം അഥവാ യോഗാസനം ചെയ്യണം. ഭക്ഷണത്തിനു മുമ്പ് പ്രാർത്ഥിക്കണം. യാത്ര കഴിഞ്ഞ് കയ്യും കാലും മുഖവും കഴുകണം. മഴ, വെയിൽ, മണ്ണ് ഇവയുമായി ബന്ധപ്പെട്ട കളി/കർമ്മങ്ങൾ ചെയ്യണം. സന്ധ്യാദീപവും, സന്ധ്യാനാമവും നിർബന്ധമാക്കണം; കുടുംബാംഗങ്ങൾ അൽപസമയമെങ്കിലും ഒരുമിച്ചിരിക്കണം/ഒരുമിച്ചു ഭക്ഷണം കഴിക്കണം. മക്കൾക്ക് നന്മനിറഞ്ഞ ഉപദേശങ്ങൾ / അനുഭവങ്ങൾ / കഥകൾ പറഞ്ഞുകൊടുക്കണം. പ്രോത്സാഹനം, അനുഗ്രഹം, അഭിനന്ദനം, മാർഗ്ഗദർശനം എന്നിവ നൽകണം. ശാപം, അവഹേളനം, നിഷേധം, അവിശ്വാസം, അന്ധവിശ്വാസം, ഭയം, വിദ്വേഷ്യം ജനിപ്പിക്കുന്ന പദപ്രയോഗങ്ങൾ എന്നിവ ഗൃഹാന്തരീക്ഷത്തിൽ ഒഴിവാക്കണം. ജീവിതം സുഖ-ദുഃഖ സമ്മിശ്രമാണെന്ന് മക്കളെ ഓർമ്മിപ്പിക്കണം. ആധുനിക അറിവുനേടി great ആകാനും മൂല്യാധിഷ്ഠിത സനാതനധർമ്മത്തിന്റെ അറിവുനേടി good ആകാനും പഠിപ്പിക്കണം. കേട്ടും, കണ്ടും, ചർച്ച ചെയ്തും, ചിന്തിച്ചും, പ്രവർത്തിച്ചും നേതൃനിരയിൽ വരണം, വരുത്തണം. അറിയാവുന്നത്, അറിയാത്തവർക്ക് പറഞ്ഞു കൊടുക്കണം. അസൂയ, അഹങ്കാരം, വാശി, പക, വിദ്വേഷം..... എന്നിവ ഇല്ലാതാക്കണം. സന്തോഷം, സംതൃപ്തി, ചാരിതാർത്ഥ്യം, ബഹുമാനം, സ്നേഹം, ദയ എന്നിവ വളർത്തണം. ജീവിക്കുന്നിടത്തോളം കാലം ധന്യമായി ജീവിക്കുവാൻ സാധിക്കണമെന്നറിയണം. അർഹിക്കുന്നതിനുവേണ്ടിയേ പ്രാർത്ഥിക്കാവൂ. നന്മകൾ കേൾക്കാനും കേൾപ്പിക്കാനും, കാണാനും കാണിക്കാനും, പ്രവർത്തിക്കാനും പ്രവർത്തിപ്പിക്കാനും സാധിക്കണം. നന്മകളെവിടെയുണ്ടെങ്കിലും സ്വീകരിക്കണം. നന്മയും തിന്മയും കേൾക്കാനും കാണാനും ചെവിയും കണ്ണും തുറന്നുവയ്ക്കണം. നന്മകൾ മാത്രമെടുക്കാൻ മനസ് തുറന്നു വയ്ക്കണം. രാത്രി ഉറങ്ങാൻ പോകുന്നതിനുമുമ്പ് പ്രാർത്ഥിക്കണം. ഓരോദിവസവും ധന്യമാക്കണം. ജീവിതത്തിലുണരണം, ഉയരണം, വളരണം, തളരരുത്, വരളരുത്, തകരരുത് എന്നറിയണം. അതിനുവേണ്ടിയേ പ്രാർത്ഥിക്കാവൂ.

**ഭാരതീയമായ മറ്റു ഗ്രന്ഥങ്ങൾ**

**1. മഹാപുരാണങ്ങൾ :** 1. വിഷ്ണുപുരാണം 2. ഭവിഷ്യ പുരാണം 3. ഗരുഡ പുരാണം 4. അഗ്നി പുരാണം 5. മഹാഭാഗവതപുരാണം 6. ശിവപുരാണം 7. മാർക്കണ്ഡേയപുരാണം 8. ലിംഗപുരാണം 9. ബ്രഹ്മവൈവർത്ത പുരാണം 10. മത്സ്യ പുരാണം 11. കൂർമ്മ പുരാണം 12. വരാഹപുരാണം 13. വാമനപുരാണം 14. സ്കന്ദപുരാണം 15. ബ്രഹ്മാണ്ഡപുരാണം 16. പത്മ പുരാണം 17. വായുപുരാണം 18. നാരദീയ പുരാണം ഉപപുരാണങ്ങൾ : 1. സാംബപുരാണം 2. ദേവീഭാഗവതപുരാണം 3. കാലികപുരാണം 4. ലഘു നാരദീയപുരാണം 5. ഹരിവംശപുരാണം 6. വിഷ്ണുധർമ്മോത്തരപുരാണം 7. കൽകിപുരാണം 8. മുൽഗലപുരാണം 9. ആദിപുരാണം 10. ആത്മ പുരാണം 11. ബ്രഹ്മപുരാണം 12. വിഷ്ണുധർമ്മപുരാണം 13. നര

Scanned with CamScanner

സിംഹപുരാണം 14. ക്രിയായോഗപുരാണം 15. സൂര്യപുരാണം 16. ബ്രഹദ് നാരദീയപുരാണം 17. പുരുഷോത്തമപുരാണം 18. ബൃഹദ് വിഷ്ണു പുരാണം

2. **ഉപനിഷത്തുക്കൾ:-** (ഉപനിഷത്തുകളുടെ പേരുകൾ - 1. ഐതരേയം (2) കൗഷീതകി (3) ഈശാവാസ്യം (4) ബൃഹദാരണ്യകം (5) കഠം (6) തൈത്തിരീയം (7) കൈവല്യം (8) ശ്വേതാശ്വേതരം (9) മഹാനാരായണം (10) കേനം (11) ഛാന്ദോഖ്യം (12) അരുണി (13) മൈത്രായണീ (14) പ്രശ്നം (15) മുണ്ഡകം (16) മാണ്ഡൂക്യം (17) കഠരുദ്ര (18) വജ്രസൂചികം (108 ഉപനിഷത്തുക്കളിൽ എത്രപേരുകൾ സാധിക്കുമോ അത്രയും പേരുകൾ പഠിക്കുക.) അവയിലെ പാരമാർത്ഥിക സത്യങ്ങളും വ്യാവഹാരിക സത്യങ്ങളും അഗാധമായവയാണെങ്കിലും ലളിതമായി മനസ്സിലാക്കാൻ സാധ്യമാണോ എന്നു പരിശോധിക്കണം. പഞ്ചഭൂതം, പഞ്ചപ്രാണൻ, പഞ്ചകർമ്മേന്ദ്രിയം, പഞ്ചജ്ഞാനേന്ദ്രിയം, മനസ്സ് ഇവയെക്കുറിച്ച് ശാസ്ത്രീയമായ പഠിക്കണം.)

3. **ഉപവേദങ്ങൾ** : 1. അർത്ഥശാസ്ത്രം 2. ധനുർവേദം 3. ഗാന്ധർവ്വ വേദം 4. ആയുർവേദം 5.സ്ഥാപത്യവേദം (തച്ചുശാസ്ത്രം)

**ദർശനങ്ങൾ** : 1. ന്യായദർശനം (ഗൗതമൻ) 2. വൈശേഷികദർശനം (കണാദൻ) 3. സാംഖ്യദർശനം (കപിലൻ) 4. യോഗദർശനം (പതഞ്ജലി) 5. പൂർവമീമാംസദർശനം (ജൈമിനി) 6. ഉത്തരമീമാംസദർശനം (വ്യാസൻ)

4. **സ്മൃതികൾ/ആചാര ഗ്രന്ഥങ്ങൾ** : 1. ഉശന സ്മൃതി 2. യജ്ഞവൽക്യ സ്മൃതി 3. വിഷ്ണുസ്മൃതി 4. മനുസ്മൃതി 5. അംഗീരസസ്മൃതി 6. യമ സ്മൃതി 7. അത്രിസ്മൃതി 8. സംവർത്തസ്മൃതി 9. ബൃഹത്പരാശര സ്മൃതി 10. ബൃഹസ്പതി സ്മൃതി 11. ദക്ഷസ്മൃതി 12. ശാതാതപസ്മൃതി 13. ലിഖിതസ്മൃതി 14. വ്യാസസ്മൃതി 15. പരാശരസ്മൃതി 16. ശംഖസ്മൃതി 17. ഗൗതമസ്മൃതി 18. വസിഷ്ഠസ്മൃതി.

Scanned with CamScanner